EMA NEWS, Vol 14 January 2022 ST. Mary's College, Thrissur

# REVERIE 2022



Phone: 0487 2333485
E-mail: smctsr@gmail.com
Website: www.stmaryscollegethrissur.edu.in

Chief Editor: Prof. Ramakrishnan Shemeela

**Dear Elder Marian!**

Despite our hope of overcoming the pandemic by the end of 2021, and our expectation to normal relaxed lives, the COVID 19 pandemic cannot so be call of erased from our life. Most of us had received the two doses of vaccine by the middle of the year, but still precautions are taken in order to stop the spreading of the viruses, as two different variants of the virus Delta and Omicron had cropped up to warn us of its danger. The practice of social distancing, donning masks, sanitizing our hands and washing them with soap have to come a routine in order to ward off the deadly scourge. The senior citizen is provided with a booster dose too to help us circumvent it.

In early 2021, only few social activities were carried out by the staff, students and alumni of St Mary's College to improve our Thrissur town due to the restrictions forced on the public by our efficient police force. Most functions, meetings and talks were held as Google- meets and Zoom-meets. It is lucky for us all that such apps are available for our respected Principal could communicate instructions and information regarding the important activities carried out by the staff and students to prepare for the NAAC visit. It is indeed marvelous that St Mary's College has managed to secure an A+ in the IV$^{th}$ cycle of NAAC accreditation despite so many difficulties. I heartily congratulate our revered Principal Sister, colleague and students for this great achievement.

By the end of the year, off line activities were also being conducted optimistically in the college. Previously some simple activities like cookery classes and health care classes were conducted through online in the middle of 2021. I found them very informative. But soon afterwards, some functions began to be organized off line. The "famous writer Dr Leelavati was lauded and given an award by St Mary's college on 21/10/2021. An eye testing camp was conducted on 10/11/2021. Besides, an induction programme for students and an interaction programme by Ms Aruna, LIC Development officer was conducted in the month of November 2021. In December2021, a History quiz known as Freedom Quiz was conducted off line where many students participated. The Reveries magazine team headed by Dhanya along with her colleagues have also invited articles from the alumni and students.

The NAAC peer team visit took place by the end of December 2021 which went off without a hitch. The college was endowed with great success from their visit with the efficient preparations carried out by Sister Principal and her colleagues. The success was celebrated with a luncheon given by the principal to her colleagues and to the alumni executive members on 11/1/2022.

I present this year's' Reveries' as a record of the optimistic activities carried out in the past year. We believe that the coming days would be brighter with people enjoying and spending time with each other, as we hope the end of pandemic is nearer.

Mrs Shemeela Sasikumar (Prof. Ramakrishnan Shemeela) (1972-74)

Chief Editor



**From Principal's Desk**

St. Mary's College has walked through 76 glorious years and is glad to meet her daughters and granddaughters on January 26th of every year. Coming home especially for a get-together always makes all of us happy, enthusiastic, energetic and welds the bond which makes us strong. Even if we are facing a tough time due to the covid pandemic that disallows personal meetings, our eagerness to be back at our alma mater is evident from the virtual meeting that we attend. Once a St. Marian, you are always a St. Marian, now an Elder Marian and is always under the protective mantle of our beloved Mother Mary.

Despite the Covid 19 pandemic, the lockdowns and the dramatic changes in our daily life and relations, our humanitarian principles have always helped us to survive and prosper together. As our college is marching towards 77th year, God has showered his magnificent blessings, our college has been reaccredited for the fourth time by the NAAC with an A+ Grade, with a Grade Point of 3.41. In the journey forward, we the St. Marians and Elder Marians must work together to uplift her glory to more and more heights. Elder Marians always go hand in hand with the College through sharing professional expertise and generosity.

May God bless all our endeavours and strengthen our togetherness more and more!

Wishing you all a great time ahead

Dr. Sr. Magie Jose

Principal

## കോവിഡും ചില പ്രകൃതി ജീവന ചിന്തകളും

ഭൂമിയുടെ ചൂട് അനുദിനം ക്രമാതീതം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചൂടു കൂടുന്നതിനും കാലാവസ്ഥ മാറുന്നതിനും കാർബൺ മലിനീകരണത്തിൻറെ പങ്ക് വളരെ വലുതാണ്. ഇതിനു ഉത്തരവാദി മനുഷ്യൻ തന്നെയാണ്. പ്രകൃതിയുടെ മേലുള്ള മനുഷ്യൻറെ കടന്നുകയറ്റം, അതിൻറെ അതിർവരമ്പുകൾ കടന്നു നിൽക്കുന്നു. വ്യവസായ വിപ്ലവകാലം മുതൽ ഭൂമിയുടെ താപനില അപകടകരമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതോടൊപ്പം കാലാവസ്ഥയിലും മാറ്റം സംഭവിച്ചു. അതു ഋതു ചക്രത്തെ തന്നെ താളം തെറ്റിച്ചു. കേരളത്തിൽ താളം തെറ്റി വരുന്ന മഴമാത്രം ശ്രദ്ധിച്ചാൽ അതു മനസ്സിലാകും. കേരളം വളരെ സുരക്ഷിതമായി ജീവിക്കാൻ പറ്റിയ സ്ഥലമാണ് എന്ന് 2018 ലെ പ്രളയംവരെ നമ്മൾ വിചാരിച്ചു. നാം വലിയ പ്രകൃതി ദുരന്തങ്ങൾ അനുഭവിച്ചിട്ടില്ല എന്നുവേണം കരുതാൻ. ഇടിമിന്നലിനെയാണ് ആകെ നമ്മൾ ഭയന്നിരുന്ന പ്രകൃതിക്ഷോഭങ്ങളിൽ അധികവും. എന്നാൽ ഇന്നു മഴയുടെ ശക്തിയിലും അതിൻറെ ആവർത്തിയിലും മാറ്റം സംഭവിച്ചു. ഭൂമിക്കുമേലുള്ള മനുഷ്യൻറെ ചൂഷണത്തിൽ ഭൂമി ക്ഷമയുടെ നെല്ലിപടി കണ്ടുകഴിഞ്ഞു. ഈ അവസ്ഥയിലാണ് നമ്മെ വിറപ്പിച്ചുകൊണ്ട് കൊറോണ കടന്നുവരുന്നത്. ഭൂമി അതിൻറെ സ്വയം ശുദ്ധീകരണ പ്രവൃത്തിയിലേക്ക് കടന്നതാകാം ഇന്നത്തെ കോവിഡ്.

ഈ കോവിഡുകാലം ജീവിച്ചിരിക്കുന്നവർക്കെല്ലാം ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത പുത്തൻ അനുഭവങ്ങളാണ് സമ്മാനിച്ചത്. ലോക്ഡൌണും, സാനിറ്റൈസറും നിലവിൽ വന്നു. മാസ്ക് നിർബന്ധമാക്കി, നിരത്തുകൾ ഒഴിഞ്ഞു, ആഘോഷങ്ങൾ ഇല്ലാതായി, സ്കൂളുകൾ അടഞ്ഞു, വായ്മൂടിക്കെട്ടി, ചോദ്യങ്ങളും സമരങ്ങളും നിർത്തിവെച്ചു, മനുഷ്യരെല്ലാം വീടുകളിൽ അവരുടെ ഇടങ്ങളിലേക്ക് ഒതുങ്ങികൂടി. എല്ലാം ഓൺലൈനിലാക്കി, വിനോദം, വിദ്യാഭ്യാസം എന്നതിനോടൊപ്പം വ്യാപാരംകൂടെ ഓൺലൈനിലാക്കി.

അതിനുശേഷം ഒരുമാസ്കിൽ നിന്നും രണ്ടെണ്ണമാക്കി. പക്ഷെ കൊറോണ തോറ്റുപിൻവാങ്ങിയില്ല. വാക്സിനേഷൻ വന്നു. ഒരു ഡോസ് മിക്കവരും എടുത്തു എന്നാൽ അവരിൽ പലർക്കും കൊറോണ വന്നു. രണ്ട്ഡോസ് എടുത്താൽ രോഗംവന്നാലും ഗുരുതരമാവില്ല എന്നാക്കി. അതും നമ്മൾ എടുത്തു. എന്നിട്ടും ഫലം തഥൈവ. ഇനി കൊറോണ വരാതിരിക്കുന്നതിന് മൂന്നാം ഡോസ് പ്രതീക്ഷിച്ചിരിക്കുകയാണ് നാം. ആരോഗ്യരംഗത്ത് ഇന്ന് ചികിത്സ എന്നത് സാധാരണക്കാർക്ക് അപ്രാപ്യമായ വ്യവസായമായി തീർന്നിരിക്കുന്നു.

ഇന്നത്തെ ഈ തകർച്ചയുടെ കാലഘട്ടത്തിലെങ്കിലും മനുഷ്യൻ പ്രകൃതിയിലേക്ക് തിരിഞ്ഞുനോക്കാൻ തയ്യാറാകേണ്ടിയിരിക്കുന്നു. മനുഷ്യനു

ആവശ്യമുള്ളതെല്ലാം ഭൂമിയിലുണ്ട്. എന്നാൽ അത്യാർത്തിക്കുള്ളതില്ല. നമ്മുടെ രാഷ്ട്രപിതാവ് നമുക്ക് തന്ന സന്ദേശമാണിത്. എന്നാൽ അതുൾക്കൊള്ളാൻ നാം തയ്യാറായില്ല. ഇന്നു ലോകത്തെമ്പാടുമുള്ള ഉൽപതിഷ്ണുക്കളായ ചിന്തകർ ഉറ്റുനോക്കുന്നത് ഗാന്ധിജിയിലേക്കാണ്.

പ്രകൃതി ജീവനമാണ് ഇതിനെല്ലാം ഒരു പരിഹാരം. പ്രകൃതി ജീവന ചിന്തകളിലൂടെ രോഗപ്രതിരോധനശേഷി നേരെയാക്കി രോഗം മാറ്റാനുള്ള വഴികൾ ഉണ്ട്. നല്ലവായു, നല്ല വെള്ളം, ലളിതമായ പ്രകൃതി ഭക്ഷണം, നല്ലശോധന, ഉപവാസം, വെയിൽകൊള്ളൽ, 8 മണിക്കൂർ ഉറക്കം, നല്ല മനസ്സ് ഇത്രയും പാലിച്ചാൽ കൊറോണ എന്നല്ല ഏതൊരു രോഗത്തേയും അതിജീവിക്കുവാൻ സാധിക്കും.

ആഹാരത്തിൽ നല്ല ശ്രദ്ധ പാലിക്കണം. അമിതാഹാരം ഒഴിവാക്കണം. വിശക്കുമ്പോൾമാത്രം ഭക്ഷണം കഴിക്കണം. വിശക്കുമ്പോൾ വയറുനിറച്ചു കഴിക്കാവുന്നതും കഴിച്ചാൽ അസ്വസ്ഥതകൾ ഉണ്ടാക്കാത്തതും സുഖംനൽകുന്നതുമായിരിക്കണം നമ്മുടെ ഭക്ഷണം. എളുപ്പത്തിൽ ദഹിക്കുന്നതും ആഗിരണവും വിസർജ്ജ്യവും എളുപ്പത്തിൽ നടക്കുന്നതുമായ ഭക്ഷണം കഴിക്കണം. നമ്മുടെ ഭക്ഷണമാണ് നമ്മുടെ ആരോഗ്യത്തെ നിലനിർത്തുന്നത്. ശരീരമായി ലയിച്ചുചേർന്നാൽ നല്ല രക്തമജ്ജമാംസാദികളാകാനും നല്ല അവയവങ്ങളാകാനും ഗുണമേന്മയുള്ള ഭക്ഷണമാണ് പ്രകൃതിജീവനം നിഷ്ക്കർഷിക്കുന്നത്. ദഹനം പ്രയാസമാക്കുന്നതും ദഹിച്ചാൽ മാലിന്യംകൂടുന്നതുമായ ഒരു ഭക്ഷണവും കഴിക്കരുത്. പാചകം ചെയ്ത ഭക്ഷണം ഒരുനേരംമാത്രം മതി. പാചകം ചെയ്താൽ മൂന്നുമണിക്കൂറിനുള്ളിൽ കഴിക്കണം. രണ്ടുനേരം പഴങ്ങൾ അല്ലെങ്കിൽ വേവിക്കാത്ത പച്ചക്കറികൾ സാലഡായി കഴിക്കണം. നിങ്ങളുടെ രോഗം എന്തുമാകട്ടെ, അതിനുകാരണം പോഷണവൈകല്യമായിരിക്കും. പോഷണം എന്നത് ആഹാരം മാത്രമല്ല, നല്ലവായു നല്ലവെള്ളം, സൂര്യപ്രകാശം എന്നിവയാണ്. മരുന്നുകൾ രോഗംമാറ്റും എന്ന വിശ്വാസം ആധുനിക മനുഷ്യൻറെ അന്ധവിശ്വാസമായി മാറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഓർമിക്കുക ഭക്ഷണമാണ് നമ്മുടെ ഔഷധം. ആരോഗ്യവും രോഗപ്രതിരോധനശേഷിയും ആശുപത്രികളിൽ നിന്നു വാങ്ങാൻ സാധിക്കില്ല. നല്ലവായു നല്ലവെള്ളം നല്ലഭക്ഷണം ഇതാണ് ആരോഗ്യത്തിനു അടിസ്ഥാനം. ഇതു സ്വാംശീകരിക്കേണ്ട ഉത്തരവാദിത്വം ഓരോ വ്യക്തിയിലും നിക്ഷിപ്തമാണ്.

**അൽഫോൺസ സി.ആർ**

**CRYING IN THE RAIN**

Stepping out of my safe haven ,
Jumping over slushy puddles ,
The wind blowing my hair astray ,
Raindrops piercing my cheeks.
Not a soul will know ,
I'm crying in the rain ,
Let go of all my burdens ,
For no one can ever differentiate ,
A rain drop from a tear.

Geetha Sebastian
(87-89)

Congratulations to the Reverie cover page Designer
JASMINE RASHEED (I MSc PSYCHOLOGY)

# ഞാൻ എന്ന് ചിരിക്കും

കാട് കത്തിയെരിയുമ്പോൾ കൂട് ഉപേക്ഷിച്ച് പറന്ന് പോകുന്ന അമ്മകിളിയുടെ കഥ എത്ര ബാല്യങ്ങളെ കണ്ണീരണിയിച്ചിരിക്കുന്നു.

കാട് കത്തിയെരിയുമ്പോൾ അമർഷത്തിൻറെ തീപന്തം നെഞ്ചിൽ കുത്തിയിറക്കിയ കാട്ടാളനെ വായിച്ച് എത്ര യൌവ്വനങ്ങൾ വിറകൊണ്ടിരിക്കുന്നു. കൂട് നഷ്ടപ്പെട്ട കിളിയും, കാട് നഷ്ടപ്പെട്ട കാട്ടാളനും ഇന്ന് എട്ട് കോടിയിലധികം മനുഷ്യരുടെ പ്രതീകങ്ങളാണ്. 2020-ലെ കണക്കുകൾപ്രകാരം ലോകത്ത് 8.2 കോടി അഭയാർത്ഥികളുണ്ട്. എങ്ങനെയാണ് ഇത്രയധികം മനുഷ്യർ അഭയാർത്ഥികളായത്?

അലൻ കുർദി, ഒമ്രാൻ ഡാകീഷ് എന്നീ പേരുകൾ നിങ്ങൾ ഓർക്കുന്നുണ്ടോ? തിരയുടെ തലോടൽ ഏറ്റുവാങ്ങുന്ന അലൻ കുർദി എന്ന 3 വയസ്സുകാരൻറെ മൃതശരീരം, ആംബുലൻസിൽ പേടിച്ചരണ്ട മുഖത്തോടെ ദേഹമാസകലം പൊടിയും രക്തവുമായിരിക്കുന്ന ഒമ്രാൻ ഡാകീഷ്, ലോകം അവരെ അഭയാർത്ഥികൾ എന്നു വിളിച്ചു. അഭയം അർത്ഥിക്കുന്നവർ അഥവാ അഭയം തേടുന്നവർ. അവർ ദേശാടനത്തിനിറങ്ങിയ ദരിദ്രരല്ല, മറിച്ച് സ്വന്തം ദേശത്തുനിന്നും നിർബന്ധിതമായി പടിയിറക്കപ്പെട്ടവരാണ്.

മനുഷ്യൻറെ പലായനങ്ങൾ ചരിത്രാതീതകാലം മുതൽക്കേ ആരംഭിച്ചതാണ്. ഭക്ഷണത്തിനുവേണ്ടി, കൃഷിക്ക് വേണ്ടി, താമസസ്ഥലത്തിനുവേണ്ടി അവർ നിരന്തരം യാത്രചെയ്തു. ഒടുക്കം പലരും പലയിടങ്ങളിൽ നിലയുറപ്പിച്ചു. അങ്ങനെ ഗോത്രങ്ങളുണ്ടായി, സംസ്കാരങ്ങളുണ്ടായി. ദേശങ്ങളും, ദേശീയതയും കടന്നുവന്നു.

അവിടെയും അധിനിവേശങ്ങളുണ്ടായി. പ്രകൃതിയിൽ നിന്നേറ്റ പ്രഹരങ്ങൾ അവരെ പുതിയ ജീവിതരീതികളിലേക്ക് നയിച്ചു. എന്നാൽ മനുഷ്യൻറെ അധിനിവേശങ്ങളുടെ കഥ അത്ര എളുപ്പം അവസാനിച്ചില്ല. അതൊരിക്കലും ഒരു ശുഭപര്യവസായി ആയിരുന്നില്ല.

കൂടുതൽ വിശാലമായ സാമ്രാജ്യങ്ങൾ സൃഷ്ടിച്ചെടുക്കുക എന്നത് മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ഗോത്രവർഗ്ഗയുദ്ധങ്ങളിലൂടെ, രാജവംശങ്ങളുടെ അധിനിവേശങ്ങളിലൂടെ, മനുഷ്യൻ ഇന്നും നടത്തിക്കൊണ്ടിരിക്കുന്ന അതിർത്തിതർക്കങ്ങളിലൂടെ ആഭ്യന്തരകലാപങ്ങളിലൂടെ മനുഷ്യചരിത്രം ഇന്നും രക്തകലുഷിതമായിതന്നെ തുടരുകയാണ്. ഈ സംഘർഷാവസ്ഥയാണ് അഭയാർത്ഥികളെ സൃഷ്ടിച്ചത്. അധികാരമാണ് അതിർത്തികൾ സൃഷ്ടിച്ചത് അന്നുതൊട്ടിന്നേവരെ രക്തം തളംകെട്ടി നിൽക്കുന്ന മണ്ണിൻറെയും അനിശ്ചിതത്വം നിഴലിക്കുന്ന മുൾവേലികളുടെയും കഥയേ മനുഷ്യന് പറയാനുണ്ടായിട്ടുള്ളൂ.

പൂർവീകരുടെ വീരഗാഥകൾ തേടിയാണ് യാത്രതിരിക്കുന്നതെങ്കിൽ മനുഷ്യന് മടങ്ങേണ്ടിവരിക വനാന്തരങ്ങളിലെ ഗുഹാമുഖങ്ങളിലേക്കായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു. അതല്ല, മതത്തിൻറെയും ദേശീയതയുടെയും പിന്നാമ്പുറങ്ങൾ തേടിയാണ് യാത്രയെങ്കിൽ നിങ്ങളെത്തിചേരുക മിത്തുകളിലും തത്വങ്ങളിലും

മാത്രമായിരിക്കും. ഭാവിയെ തിരയേണ്ടത് ഭൂതകാലത്തിലല്ല, മറിച്ച് ഇന്ന് നാം സ്വീകരിക്കുന്ന നിലപാടുകളിലാണ്.

അതിൽ അനാഥരാക്കപ്പെട്ട, അഭയാർത്ഥികളാക്കപ്പെട്ട നിരവധി മനുഷ്യരുണ്ട്. ഇന്നും ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നിരവധിപേർ.

എതിരഭിപ്രായങ്ങൾ സ്വാഗതം ചെയ്യപ്പെടാതെ പോകുന്ന ഒരു കാലത്തോടുള്ള എതിർപ്പിൻറെ ഭാഷയാണ് ഇന്ന് സമാധാനം. സാമ്രാജ്യങ്ങളുടെ ശവപറമ്പിൽ തീവ്രവാദവും എരിഞ്ഞടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. തീരംതേടിയുള്ള യാത്രക്കൊടുവിൽ ജീവൻ നഷ്ടപ്പെട്ട ലോകമെമ്പാടുമുള്ള എൻറെ പ്രിയസഹോദരർക്ക് മുമ്പിൽ പ്രണാമമർപ്പിക്കുന്നു.

സർവവും നഷ്ടപ്പെട്ട കാട്ടാളന് ഒടുക്കം കവി നൽകുന്ന ഒരു ശുഭപ്രതീക്ഷയുണ്ട്.

"ഒരു സൂര്യനുദിക്കും നിഴലായിട്ടമ്പിളി വളരും
വളരും വനമോടികളാടി തെളിയും
വനമൂർച്ഛയിൽ ദുഃഖം തകരും
ഞാൻ അന്ന് ചിരിക്കും"

**ശിഖില ശിവദാസ്**

## മാഞ്ഞുപോകുന്ന ദിനങ്ങൾ

തുറന്നിട്ട ജനലരികിൽ ഇരിക്കവേ
മാരുതൻ അവൾ തൻ
കവിളിൽ തലോടി നിന്നു.....
മധുര സ്പർശമായി കുളിരായ്
നിലാവിൽ വന്നു തഴുകിയ കാറ്റേ
നീയെൻ ബാല്യത്തെ തൊട്ടുണർത്തുന്നുവോ?

പുൽമേടതൻ മേനി തലോടി
വൻ മരങ്ങൾ തൻ ശിഖിരങ്ങൾ താണ്ടി
എൻ അരികിൽ എത്താൻ
എന്തെ നീ വൈകുന്നു?

നീരുറവതൻ മണിപേടകത്തിലെ
മുത്തുപോലെ തൻ ദിനങ്ങൾ
എന്നിൽ നിന്നും എന്തെ അടർന്നുവീഴുന്നു?
വന്ന പാതയിൽ, പോകുന്ന വീഥിയിൽ
കണ്ടുമറയുന്ന മുഖങ്ങൾ.....

അന്നും ഇന്നും എന്നും
മായാതെ മറയാതെ
സുഖസ്പർശമായി
എൻ കൂടെ നീ മാത്രം.........

**ഡോ.രേഷ്മ വി.ജി**

**Congratulations for your Achievements**

| | |
|---|---|
| <br>Anjali P<br>BSc Biotechnology<br>2016-2019 batch<br>First Rank<br>MSc Biotechnology<br>(MG university ) | <br>Biji Raphy<br>BSc Biotechnology<br>2016-2019 batch<br>Second Rank<br>MSc Biotechnology<br>(Kannur University ) |
| <br>Tina K J<br>BSc Biotechnology<br>2007-2010 batch<br>PhD | <br>Riya Ann Paul<br>MSc General Biotechnology<br>2010-2012 batch<br>A member in the team to develop<br>"COVID-Anosmia checker", a tool for<br>Covid-19/olfactory dysfunction<br>screening |
| | |
| <br>Ankitha Prasad<br>BSc Mathematics<br>2018 -2021 batch | <br>Karthika V<br>BSc Microbiology<br>2016-2019 batch<br>First Rank in MSc Microbiology<br>Department of Life Science |

| | |
|---|---|
| 8th Rank in BSc Mathematics, Calicut University(2021) | University of Calicut |
| <br>Swetha P<br>M.Com<br>2018-2020 batch<br>Certificate Exam of Insurance Agents in Life Insurance | <br>STINY MARIA JOHNSON<br>B.Com<br>2015-18 batch<br>KMAT |
| Sona P.S<br>M.Com<br>2018-20 batch<br><br>Qualified NET | <br>Femi Moni<br>M.Com<br>2015-17 batch<br>Qualified NET &PSC |
| <br>Sreelakshmi K<br>M.Com<br>2018-20 batch<br>Qualified NET<br>Calicut University 6 th Rank holder | <br>DELMA PULIKKOTTIL D<br>M.Com<br>2015-17 batch<br>Qualified NET |

| | |
|---|---|
| <br>Anukrishna P.U<br>M.Com<br>2018-20 batch<br>Qualified NET | <br>AYISHA ALI<br>B.Com batch<br>2014-17 batch<br>Qualified KMAT |
| <br>Priyanka Rajan Chirayath<br>B.Com<br>2017-20 batch<br>CMAT, MAT | <br>TINTU THOMAS<br>B.Com<br>2014-17 batch<br>Qualified KMAT |
| <br>Athira K<br>B.Com<br>2017-2020 batch<br>MAT | <br>RINTU WILSON<br>B.Com<br>2012-15 batch<br>Qualified KMAT, MAT |

| | |
|---|---|
| <br>Vismaya T.S<br>B.Com<br>2017-20 batch<br>MAT | <br>Jilna Shaju<br>B.Com<br>2015-18 batch<br>KMAT |
| <br>Cinju Thampi<br>M.Com<br>2016-18 batch<br>Qualified NET | <br>Navya Jolly M<br>B.Com<br>2015-18 batch<br>Qualified KMAT |
| <br>Anjani Antony<br>M.Com<br>2016-18 batch<br>Qualified NET | <br>Merin Raju<br>M.Com<br>2015-18 batch<br>Qualified NET |

| | |
|---|---|
| <br>Haritha Chandrashekaran<br>M.Com<br>2016-18 batch<br>Qualified NET | <br>Amritha M S<br>BSc Botany<br>2013-2016 Batch<br>Calicut University Research scholar<br>won United States-India Educational<br>Foundations Fullbright Fellowship. |
| <br>Greeshma P.B<br>M.Com<br>2016-18 batch<br>Qualified NET | <br>Fincy Francis<br>B A History<br>(2017-2020 batch)<br>Top score in Library and<br>information Science (Calicut<br>University) |

# മഴവില്ല്

വഴി തെറ്റി വന്നൊരു തുലാവർഷം, കാറ്റിൽ അലിഞ്ഞു ഇല്ലാതാവുന്ന കാർമേഘങ്ങൾ, കാറ്റിൻറെ ഓളങ്ങൾക്കനുസരിച്ച് ചരിഞ്ഞു പെയ്യുന്ന മഴത്തുള്ളികൾ ഇടയ്ക്കെപ്പഴോ പ്രകാശം പരത്തുന്ന വെയിലിനൊപ്പം ഒരു തണുത്ത കാറ്റും ചൂളമടിച്ച് നടക്കുന്നുണ്ട്. ആകപ്പാടെ ഒരു സുഖമുള്ള അന്തരീക്ഷം. "ചൂടുപൊടി കട്ടൻ, മഴ, ജോൺസൻ മാഷ്" ആഹാ എന്തൊരു അന്തസ്സ് ഫെയ്സ്ബുക്കിലെവിടെയോ വായിച്ചു മറന്നൊരു വരികൾ ഓർമ്മയിലെത്തി.

മിസ്സേ .......... മഴവില്ലു കണ്ടോ?

ലാബിലെ കുട്ടികളാണ് മഴവില്ലു കാണിച്ചു തന്നത്.

"മാനത്തുണ്ടൊരു മഴവില്ല്
മനം മയക്കും മഴവില്ല്
റ പോലെ വളഞ്ഞിരിക്കും"

പണികളെല്ലാം മാറ്റിവച്ച് ഒരു മൂളിപ്പാട്ടും പാടി ഓരോട്ടം

അവസാനമായി മഴവില്ലിനെ കണ്ടത് എന്നാണ്

ഓർമ്മയില്ല

അല്ലെങ്കിലും ഇപ്പോൾ ഓർമ്മകൾ ഒന്നും ഇല്ല

ഓർമ്മപ്പെടുത്തലുകൾ മാത്രമേ ഉള്ളൂ

"മാനത്തുണ്ടൊരു മഴവില്ല്
മനസ്സിലുണ്ടൊരു മഴവില്ല്"

ആദ്യമായി കണ്ട അതേ കൌതുകത്തോടെ കണ്ണ് നിറച്ച് കാണുമ്പോഴേക്കും അതങ്ങു മാഞ്ഞുപോകുന്നുണ്ടോ??

രണ്ടെണ്ണം കാണുന്നുണ്ടോ

7 നിറങ്ങൾ ഉണ്ടോന്ന് 2-3 വട്ടം ചുമ്മാ എണ്ണി നോക്കി VIBGYOR... ഒരു രസം

വട്ടാണെന്ന് തോന്നുന്നുണ്ടോ

വട്ട് വരാനും മിനിമം ഒരു യോഗ്യത വേണമെന്നല്ലേ ബേപ്പൂർ സുൽത്താൻ പറഞ്ഞിരിക്കുന്നത്.

സുന്ദരമായതെല്ലാം ക്ഷണികമാണ്.....

ക്ഷണികമായതെല്ലാം എന്തിനിത്ര സുന്ദരമാകുന്നു

ഹൊ നാശം!! നല്ലൊരു കാഴ്ച കാണുന്നതിനിടയ്ക്ക് ഉള്ളിലെ SADDIST ൻറെ വരവ് ... അല്ലേലും കുറച്ച് നാളായി ഒരു ആവശ്യമില്ലാതെ വലിഞ്ഞു കേറി വന്നോളും. നന്നാവൂല്ല......

കുറച്ചുനേരം കണ്ണടച്ച് അവിടെ തന്നെ നിന്നു, കാഴ്ചയെ മനസ്സിലേക്കേറ്റു വാങ്ങി ....... തെല്ലൊരു നേരം കഴിഞ്ഞ് തിരക്കുകളിലേക്കു മടങ്ങി എത്തിയപ്പോൾ ഒരു ചോദ്യം മാത്രം ബാക്കിയായി ഉത്തരങ്ങളൊന്നും ഇല്ലാതെ "എല്ലാവരും പ്രത്യാശയുടെ മഴവില്ലു കാണുമ്പോൾ, മഴവില്ലാകാൻ കഴിയാതെപോയ മഴത്തുള്ളികളെ കാണുന്നത് ഞാൻ മാത്രമാണോ............."

**പ്രസന്ന. ആർ. കോവത്ത്**

## മലയാള നാട്

ഏതൊരമ്മ തൻ ഉദരേ
പിറവി കൊണ്ടെൻ മാമക മലയാളനാടേ
പച്ചക്കുരുത്തോല നീളെ നിൻ മിഴികളിൽ
ഹരിതാഭ ചന്തത്തിൽ ചാർത്തി മെല്ലെ
മാറ്റേറും തങ്കക്കതിരുകൾ
നിനക്കായ് പൊന്നരഞ്ഞാണം
പണിതു തന്നു.
ശുദ്ധമാം താരാട്ട് പാടിയിട്ടാറുകൾ
പാലമൃതൂട്ടുവാൻ വന്നു നിന്നു
നിൻ മുഖകാന്തിയതേറ്റതിലെത്തിപ്പാൻ
കണിക്കൊന്ന നികുഞ്ചങ്ങൾ
കമ്മലായി
മഞ്ഞ മൂക്കുറ്റിപ്പൂവുകൾ
നിനക്കായൊരുക്കിയ മൂക്കുത്തി
ക്കല്ലൊന്നു കാണട്ടെ ഞാൻ.
എൻ മലനാടേ നീ ചന്തത്തിലെപ്പഴും
ഉയരെയുയിരിൽ നിലകൊള്ളണേ.

**അഞ്ജന പി.എ**

# ഇര

മധുവിധുവിൻ നാൾ
അവൾ പറഞ്ഞിരുന്നു
ഉയരമുള്ള കെട്ടിടത്തിൽ നിന്ന്
താഴേക്കു നോക്കുമ്പോൾ
അവൾക്ക് തലചുറ്റുമെന്നും
കണ്ണുകളിൽ ഇരുട്ട് കയറുമെന്നും

പ്രതീക്ഷിച്ച മെച്ചം
അവൾക്കില്ലെന്നറിഞ്ഞപ്പോൾ
പ്രേമത്തിന് ഒട്ടും കുറവു വരാത്ത
ഒച്ചയിൽ
ഊട്ടിയിലേക്കൊരു മധുവിധു-
യാത്ര പോയാലോ എന്നവൻ;
കാതിൽ ചുംബിച്ചു
പ്രിയനേ ശരി എന്നും പറഞ്ഞ്
ഉത്സാഹത്തോടെ അവൾ
അതിസുന്ദരിയായി
ഒരുങ്ങി വന്നു.
മഞ്ഞു പുതയുന്ന കാലം.
ഹോട്ടലിൻറെ ബാൽക്കണിയിൽ
അവൻ അവളെ
ചേർത്തുപിടിച്ചു നിന്നു.
കോടമഞ്ഞ് മാഞ്ഞപ്പോഴാണ് അവൾ
ആഴം കണ്ടത്
പിന്നെ എല്ലാം എളുപ്പമായി
അവൾ കൊല ചെയ്യപ്പെട്ടത്
എങ്ങനെയെന്ന്
പോസ്റ്റ്മോർട്ടം നടത്തിയിട്ടും
ഒരു തെളിവും ലഭിച്ചില്ല
ഉള്ളിലെ ആനന്ദക്കണ്ണീർ
ദുഃഖഭാവത്തിൽ പുറത്തണിഞ്ഞ്
അവൻ വിജയിച്ചരുളി
കുടുങ്ങിപ്പോയ നവവരന്മാരെ
മനസ്സിൽ പുച്ഛിച്ച്
അവൻ അടുത്ത ഇരയെ
തേടി നടക്കുന്നുണ്ട്.

**മേരിക്കുഞ്ഞ്**

# A trip on a Houseboat on Vembanad Lake

My son Vivek and his wife Mahima came on a short vacation to Kerala last year in2019. It was a period of two weeks only. Sasikumar and I were a little disappointed about the shortness of their holiday. Still, we adjusted to it as it was their first visit after their marriage in March 2018.

Vivek had booked a houseboat trip in Alappuzha for two days tour on the Vembanad Lake for the four of us.I was quite thrilled as I had only gone for a few hours trip on a houseboat across the Chetua Estuary in Manalur some years ago with my daughter and her family.

A few days later, we travelled in an Innova tourist car in the early morning through The National Highway on through Mannuthy, Chalakkudy and Ernakulum, finally reaching Alappuzha at aroundTwo p.m. February is one of the hottest months in Kerala and by the time we reached there, all of us were a little weary. The houseboat was docked at a pier close to our stop. It was large with a prow on the front where it would be piloted by two guys while there was a stern at the back with a small deck where we could walk about and play games. It was made up of two storey with three comfortable bedrooms provided on the first storey. Sasikumar and I were installed in the last one while Vivek and Mahima were given the middle one. There were two small bedrooms at the top and a kitchen just below with a provision store at the same level as our bedrooms. There were two cooks working to feed the guest. Breakfast, lunch,tea and dinner were served at the top galley furnished with comfortable dining tables and chairs.

Our schedule on the houseboat started with tea as we had already had our lunch on the way. Tea along with delicious snacks were served which satisfied us. After that, we moved on to the stern to watch it being sailed slowly out across the lake. On both sides the banks were filled with small houses and resorts where people were staying. The whole scenery was beautiful with the deep water filled with water hyacinth and seaweeds floating on the surface of the water. We could see all types of fresh water fish swimming within the water. After some time, we went to our respective rooms to take rest. The wooden walls and ceiling of the room with its old switches and switchboard along with the coolness of the breeze blowing through the large window filled us with a sense of contentment. Modern living too was ensured with the provision of an air conditioner. The adjoining bathroom-cum-toilet was also modern with a shower and European toilet. All these concessions were to ensure that Westerners came for these tours in the estuaries of Kerala. We too were happy with the modern accessories fitted in the old surroundings of wooden walls and wooden ceiling of our room. The curtains of the large window were made of coconut leaves woven together into long strips. The double bed was also of wood with spongelike mattress and pillows provided to ensure comfortable rest and relaxation. All passengers had been instructed to walk bare- footed along the wooden floors by a notice provided at the entrance of the boat.

Sasikumar and I had brought some books to read while Vivek and Mahima had brought a Scrabble board and playing cards to while away the time. Vivek told me to enjoy and rest from the stressful tedium of housework at home. I doubted his advice. But, truly it was a restful two days in the houseboat that we enjoyed.

Dinner that night consisted of chicken curry, assorted vegetables, chappati and rice. We were also provided with fried fish. It was an enjoyable meal finally finished off with fruit

salad and ice cream. The few passengers were replete with the delicious food. After that, most of us took walks along the deck enjoying the sight of the darkness of night slowly creeping in. Finally, it was bedtime and most of us returned to our rooms. Then, a little time of watching television and reading, and then we were bound on the wings of restful sleep.

The next morning, used to a lifetime habit of waking up of early, I got up, brushed my teeth and drank a few glasses of water, to resume the exercises that I did every morning. Then I crept out of my room to walk for some time along the deck of the boat. By that time, the boat men and cooks had also awakened to start their labours for the day.

I returned to my room, where Sasikumar was awake, reading the newspaper he had procured. I had my bath and changed my dress. We went up to the dining room where we were served morning tea. We waited for some time before we could get breakfast. I ran down to call Vivek and Mahima to breakfast. It was a buffet breakfast where we could choose idles, dosais, poories along with the sambar, chutney and potato masala curry as we desired. There was also boiled eggs, egg omelette, and fruit juice. It was a hearty breakfast.

The houseboat moved slowly along the lake while we watched the sights along the banks on either side. People were absorbed in their daily tasks at their homes. Many houseboats,large and small, were also plying along the lake, filled with their passengers. February seemed to be a good season for tourists on Vembanad Lake.We could see Ayurveda massage parlours at different locations along the sides. Vivek and Mahima desired to utilise this convenience at one of them. We enquired about them of the boat supervisor and he mentioned that the Santhigiri Ashram which we would be reaching at 4 pm, would be ideal for this purpose.

The boat supervisor explained that in these waters, there were about 2700 houseboats plying their tourist trade. They could only do this in the summer and spring seasons. But it could not be done during the tumultuous rainy six months of Kerala. Then they had to anchor their boats and go to Alappuzha town to earn money from other trades. Indeed, in 2018, they were stranded with much hardship due to the terrible floods of July and August when their homes were flooded resulting in loss of all their earnings. We listened in rapt silence to their story of the hardships they had suffered in 2018.

After a siesta, we came out of our rooms to wait for the boat to reach Santhagiri Ayurveda parlour. At 4 pm we reached there and all of us disembarked by means of a wooden board placed across the space between the boat and the shore. The Ayurveda Ashram was situated in a lovely location of trees and plants. The Ayurveda physician discussed the best type of massage to be done. Finally, he called two masseurs to conduct Vivek and Mahima to the massage rooms. The massage process time was about forty- five minutes. Although both Vivek and Mahima suggested that we should also go for a massage, we declined as we had never undergone it and was not sure of the outcome.

We then returned to the boat. It started sailing again and at Dusk, reached a point where it was anchored. It was at this point that we bought some fish at a shop selling fresh fish just caught recently. We had these succulent fish fried at dinner that night. Mahima also tried her hand at fishing with a fishing pole at the end of which a bread piece was attached. But she was not successful. Still, though a failed attempt, it was an attempt well tried. The deep dark water of the lake reminded me of the great Malayalee poet Kumaranasan who had drowned while crossing it in a boat. His poems are full of beauty and depth about

casteism in the Hindu religion especially in Kerala, which paved the way for the social reformation of Hinduism to enable so-called low caste Hindus to enter temples to pray. Once, only high caste Hindus could do so. Also, the brutality of high caste Hindus towards low caste Hindus could be eradicated by his writings along with the teachings of Sree Narayana Guru, the great social reformer.

We soon returned to the boat and after dinner, we played at cards and Scrabble. After that we went off to bed.

The next morning, the boat had turned around at the end of the estuary,back in the direction that it had come. It was slowly but surely returning to the pier where we had boarded it. Different people had boarded at certain piers so that by the time we reached our pier, there were two bachelors, and a family of seven members also disembarking at our pier. The men helped the women and children cross across the board placed there. It was a breathtaking experience for the uninitiated ones. Our driver was waiting there with the car. We got into it and he drove us until we reached Thrissur, in between indulging in a snack and lunch. We arrived home at 3 pm. The trip in the houseboat had been a restful and relaxing experience.

Mrs Shemeela Sasikumar (Prof. Ramakrishnan Shemeela) (1972-74)

## പലഹാരം

മറിയ ഒരു നഴ്സറി ടീച്ചറാണ്
സുന്ദരി
സ്വർണ്ണ വർണ്ണം
രാജകലയുള്ള മുഖം
ആദ്യരാത്രി അവളുടെ കാതിൽ
അയാൾ പറഞ്ഞതാണ്
അവൾ ദേവകന്യയാണെന്ന്,
അയാൾ ഗവർമെൻറ്
കുറിക്കമ്പനി മാനേജർ
ഏറ്റവും ഇളയ മകൻ
തറവാടിത്തം മാത്രമാണ് അയാൾക്ക്
സ്ത്രീധനമായി കിട്ടിയിരുന്നത്. ലക്ഷങ്ങൾ വിലമതിക്കുന്ന ഉരുപ്പടി
ചുളുവിൽ മരുമകനായി എത്തിയ
സന്തോഷത്താൽ
അവളുടെ അപ്പച്ഛൻ
കടംവാങ്ങിയ കാശുകൊണ്ട്
ആട്ടിറച്ചി വാങ്ങി മരുമകനെ
വിരുന്നിന് വിളിച്ചു സത്ക്കരിച്ചു.
മാപ്പിളവീട്ടിലെ അവളുടെ
ആദ്യത്തെ ഉയിർപ്പുതിരുനാളാഘോഷം.
അപ്പൻ ഒഴിച്ചുകൊടുത്ത
കളർ ചാരായം കുടിച്ച് അവളുടെ
അമ്മായിയമ്മ ഏങ്ങലടിച്ച് മൂക്കുപിഴിഞ്ഞ്
എണ്ണിപ്പെറുക്കി കരയാൻ തുടങ്ങി.
ലഹരിമൂത്താൽ അവർ അങ്ങിനെയാണത്രെ.
അതാണ് അവരുടെ ചാരായ അളവ്
മാളികവീട്ടിൻറെ അകത്തളങ്ങളിൽ
മുഴങ്ങുന്ന നിലവിളികളും അട്ടഹാസങ്ങളും
അവളെ ഭയപ്പെടുത്തി.

വിശാലമായ തളത്തിലെ
വലിയ സദസ്സിലേക്ക്
അവൾ ആനയിക്കപ്പെട്ടു.
ചാട്ടുളിപോലെ ആദ്യത്തെ ചോദ്യം
മൂത്ത നാത്തൂനാണ്
നിനക്ക് വീട്ടീന്ന് എത്ര പവൻ കിട്ടി.
ഒന്നമ്പരന്നെങ്കിലും അവൾ പറഞ്ഞു
നൂറ്റൊന്ന്.
എത്ര കരറ്റിൻറേതാണ് ഉരുപ്പടി
ഇളയ നാത്തൂൻറെ ചോദ്യം
കൂടെ പൊട്ടിച്ചിരിയും.
മറുപടിക്ക് അവൾ ആലോചിച്ചു നിന്നില്ല
തൊള്ളായിരത്തിപതിനാറ്
പിന്നെ അവൾ അവിടെ നിന്നില്ല
ചെറിയ ബാഗും ഉടുവസ്ത്രവുമായി
ആദ്യം കണ്ട ബസ്സ് കൈകാട്ടി നിർത്തി
അവൾ രക്ഷപ്പെട്ടു.
കന്യാസ്ത്രിയമ്മ അവൾക്ക്
വീണ്ടും ജോലി കൊടുത്തുപോയി.
അവൾ പഠിച്ചു.
വീണ്ടും ഒരു ഉയിർപ്പുതിരുനാൾ ദിനം
ഡിഗ്രിക്ക് ഒന്നാം റാങ്കുകിട്ടിയ
സന്തോഷവുമായി അവൾ
കന്യാസ്ത്രിയമ്മയെ കാണാൻ
മഠത്തിലെത്തിയിരിക്കുകയാണ്
കയ്യിൽ ഒരു പെട്ടി മധുരപലഹാരവുമായി

**മേരിക്കുഞ്ഞ്**

## Placements

| | |
|---|---|
| <br>Vimitha V<br>MSc Psychology<br>2018 – 2020 batch<br>**Psychologist**<br>Hopeshore Multidisciplinary School for Special Needs, Kadalundi | <br>Anagha P Jayan<br>MSc General Biotechnology<br>2018-2020 batch<br>**Assistant Professor**<br>**JDTS College** |
| <br>HuznaIshak<br>MSc Psychology<br>2018 – 2020 batch<br><br>**Assistant Professor**<br>Assabah Arts and Science College, Valayamkulam | <br>TINA K J<br>BScBiotechnology<br>2007-2010 batch<br>**Central Food Safety Officer**<br>**Banglore** |

| | |
|---|---|
| <br>Rose Ann Paulson<br>MSc Psychology<br>2018 – 2020 batch<br><br>**Assistant Professor**<br>Assabah Arts and Science College, Valayamkulam | <br>Anju Katherine<br>MSc. General Biotechnology<br>2018-2020 batch<br>Lab Technician<br>Plant Biotechnology and Molecular Department<br>Kerala Agricultural University, Thrissur |
| <br>ASWATHY K B<br>MSc. General Biotechnology<br>2019-2021 batch<br><br>Content writer<br>EZHISHYA virtual learning app | <br>Athulya M A<br>MSc. General Biotechnology<br>2019-2021 batch<br><br>Content writer<br>EZHISHYA virtual learning app |



Ms. Joyce Davis
Chemistry
**Girl Cadet Instructor in NCC**
Dibrugarh, Assam



Femi Varghese
BSc Microbiology
2014-17 batch
MSc Microbiology
2017-19 batch
**Microbiologist**
Greenview Medical center
Bangalore



Jismy Jose
MSc Microbiology
2017-19 batch
Quality Controller
Modern Bakery
UAE



PhotoScan by Google Photos

Aswathy Madhu
BSc Microbiology
2018-2021 batch
Junior Health Inspector
Pathanamthitta

| | |
|---|---|
| <br>Sunitha A C<br>BSc Mathematics<br>2006-2009batch<br>MSc Mathematics<br>2009-2011batch<br><br>HST Mathematics<br>GVHSS Puthur | <br>Mary Rani Joshy<br>Botany<br>2019-2021 batch<br>Ezishya virtual learning platform<br>Content presenter cum storyboard writer |
| <br>Minnu K R<br>M.Com<br>2018-20 batch<br>Junior Assistant<br>Wilson PR & Co.Vellangallur, Irinjalakuda | <br>Sandra Joy<br>B. Com<br>2017-20 batch<br>Transation Risk Investigator<br>Amazon<br>Development Centre - HYD 16<br>Phoenix (Info City)<br>Rajendra Nagar- 500081,<br>Telangana State, India |

| | |
|---|---|
| <br>Angel Sebastian<br>B.Com<br>2016-2019 batch<br>Emerald Nidhi Limited<br>Thanikkal JamesTower<br>Veliyannur Road<br>Thrissur. | <br>Reenu Jose<br>M.Com<br>2017-19 batch<br>Keltron Accounting and Taxation Study centre<br>St. Thomas College Jubilee Block |
| <br>Ann Bastin<br>M.Com<br>2017-19 Batch<br><br>Officer<br>ESAF Swasraya Multistate Cooperative Society Ltd. | <br>Anju Joshy<br>M.Com<br>2017-19 Batch<br>Assistant<br>National Institute of Electronics and Information Technology<br>Calicut |

| | |
|---|---|
| <br>Helen Joveson Therattil<br>B.Com<br>2016-19<br>Officer<br>ICICI Bank | <br>Haritha Chandrasekaran<br>M.Com<br>2016-18<br>Corporte Officer,<br>Manappuram Finance<br>Limited |
| <br>Greeshma V A<br>M.Com<br>2016-18<br>Assistant Manager<br>Axis Bank | <br>Anju Anto<br>B.Com<br>2013-16<br>Clerk<br>South Indian Bank Ltd |

| | |
|---|---|
| <br>Silpa C S<br>B.Com<br>2013-16<br>Project Engineer<br>Wipro | <br>Sonnet Varghese<br>B.Com<br>2013-16<br>Officer Member Relation<br>ESAF Swasraya Multistate<br>Co-operative Society Ltd. |
| <br>Annie Rose<br>BCA<br>(2018-21)<br>Operations Executive,<br>Infosys Limited | <br>Muhseena M<br>MSc Computer Science<br>(2019-2021)<br>Assistant System Engineer-<br>Trainee,<br>Tata Consultancy Services,<br>Kochi |

| | |
|---|---|
| <br>Rajitha P V<br>MSc Computer Science<br>(2019-2021)<br>Assistant System Engineer-Trainee<br>Tata Consultancy Services<br>Trivandrum | <br>Safidha Naufal<br>MSc Computer Science<br>(2019-2021)<br>Assistant System Engineer-Trainee<br>Tata Consultancy Services,<br>Kochi |
| <br>Rosemary CL<br>Botany<br>2014-2016 Batch<br>: Non Vocational Teacher in Biology(Junior)<br>NI VHS School ,Marampilly<br>Marampilly | <br>Hima A<br>Botany<br>2019-2021 Batch<br>Learning Content Developer<br>Ezishya virtual learning app<br>Thrissur |

# പരിമിതികളിൽ നിങ്ങൾ തോൽക്കരുത്

ജീവിതത്തിൽ എല്ലാം കുറവുകളായാണ് നാം പലപ്പോഴും കണ്ടിരിക്കുന്നത്. എത്ര കിട്ടിയാലും മതിയാവാത്തവനാണ് മനുഷ്യൻ. എന്തെങ്കിലും ഒരു കാര്യം നേടാനോ ചെയ്യാനോ സാധിച്ചില്ലെങ്കിൽ എല്ലാം അതിൻറേതായ പരിമിതിയുണ്ട്, എന്നു പറഞ്ഞ് നാം മറ്റുള്ളവരെയോ, മറ്റെന്തിനെയോ കുറ്റപ്പെടുത്തും.

നിങ്ങൾക്ക് ഒരു കാര്യം നേടിയെടുക്കാൻ യോഗ്യനാണ് എന്ന് നിങ്ങൾ വിശ്വസിക്കുന്നതോടെ എന്തും നേടാൻ നിങ്ങൾക്ക് സാധ്യമാണ്. നിക്ക് വ്യൂചിസിക്, കൈയ്യും കാലും ഇല്ലാതെ പിറന്നുവീണ കുഞ്ഞ്. മാതാപിതാക്കൾ അവനെ ദൈവഭയത്തോടും ആത്മവിശ്വാസത്തോടും വളർത്തി വലുതാക്കി. ആത്മഹത്യാ പ്രവണത അവനിലുമുണ്ടായിരുന്നു, സമൂഹം അവനെ അവഹേളിച്ചപ്പോൾ. എന്നാൽ അതെല്ലാം വെടിഞ്ഞ് അവനിന്ന് വലിയൊരു മോട്ടിവേഷണൽ സ്പീക്കറായി മാറി, പല രാജ്യങ്ങളും സന്ദർശിച്ചു. പലർക്കും മാതൃകയായി.

16-ാം വയസ്സിൽ ഒരു അപകടത്തിൽപെട്ടു വലതുകാൽ മുറിച്ചുമാറ്റേണ്ടിവന്ന സുധാ ചന്ദ്രൻ, ഭരതനാട്യം നർത്തകിയായും സിനിമാരംഗത്തും പരക്കെ അറിയപ്പെടുന്ന വ്യക്തിയായി മാറി. ഒരിക്കൽ അവൾ പറഞ്ഞു. "ഒരിക്കൽ ഞാൻ സ്റ്റേജിൽ കയറിയപ്പോൾ എനിക്ക് എൻറെ ആത്മാവ് തിരികെ ലഭിച്ചു."

ആപേക്ഷികതാ സിദ്ധാന്തത്തിൻറെ പിതാവ് വൈകല്യമുള്ളവരിൽ ഏറ്റവും പ്രശസ്തനായിരുന്നു. പഠിക്കാൻ ബുദ്ധിമുട്ട് നേരിട്ട അദ്ദേഹത്തിന് 3 വയസ്സ് വരെ സംസാരിക്കാൻ കഴിഞ്ഞില്ല. സ്കൂളിൽ അടിസ്ഥാന കണക്ക് പഠിക്കുന്നതിൽ പ്രശ്നങ്ങൾ നേരിട്ടു അദ്ദേഹം. എന്നിട്ടും അദ്ദേഹം ലോകത്തെ കീഴടക്കി.


ജീവിതത്തിലുടനീളം ഡിസലെക്സിയ ബാധിച്ച ഒരാൾക്ക് അമേരിക്കയുടെ ആദ്യത്തെ പ്രസിഡൻറാകാൻ കഴിയുമെങ്കിൽ, ഒരു പിഡബ്ല്യൂഡിയും ഒരിക്കലും കുറ്റപെടുത്തുകയോ അവസരങ്ങൾ നഷ്ടപ്പെടുത്തുകയോ ചെയ്യരുത്. കാരണം മഹത്വം ആത്മാവിനുള്ളിലാണ്. ജോർജ്ജ് വാഷിംഗ്ടൺ ഒരിക്കൽ പറഞ്ഞു. "99% പരാജയങ്ങളും ഒഴികഴിവുകൾ പറയുന്ന ആളുകളിൽ നിന്നാണ് വരുന്നത്."

പ്രശസ്ത ജർമ്മൻ സംഗീതജ്ഞൻ ലുഡ്വിഗ് വാൻ ബീഥോവൻറെ ശ്രവണശേഷി തകരാറിലായി. 44-ാം വയസ്സിൽ കേൾവി വൈകല്യം ബാധിച്ചു. എങ്കിലും ആ വൈകല്യം അദ്ദേഹത്തെ തടഞ്ഞില്ല. "സംഗീതം തത്വചിന്തയെക്കാൾ ഉയർന്ന വെളിപാടാണ്."

സംസാര വൈകല്യമുള്ള റോവൻ അറ്റ്കിൻസൺ നിരവധി തിരസ്കരണങ്ങൾ ഉണ്ടായിട്ടും സിനിമയിൽ തൻറേതായ ഇടം ഉണ്ടാക്കി. തൻറെ ശൈലി മിസ്റ്റർ ബീൻ പ്രേഷക ഹൃദയത്തിൽ സ്ഥാനം നേടി. അദ്ദേഹം പറയുന്ന വാക്കുകളാണ് "ഞാൻ കരയുന്നത് ആരും കാണാത്തതിനാൽ മഴയത്ത് നടക്കുന്നത് എനിക്ക് ഇഷ്ടമാണ്."

ഭയം പോലുള്ള പരിമിതികൾ പലപ്പോഴും ഒരു മിഥ്യമാത്രമാണ്. പരിമിതികൾ നിശ്ചയിക്കുന്നത് നാം മാത്രമാണ്. നമ്മുടെ കുറവുകളെപറ്റി ചിന്തിക്കുമ്പോൾ എപ്പോഴും നാം നമ്മുടെ കീഴിലുള്ളവരെക്കുറിച്ച് ചിന്തിക്കുക. അവരെക്കാൾ എത്രയോ മുകളിലാണ് നമ്മൾ. അതിനാൽ ഒരിക്കലും സ്വയം കുറ്റപ്പെടുത്തുകയോ നിയന്ത്രണങ്ങൾ വക്കുകയോ ചെയ്യരുത്. നമുക്ക് അസാധ്യമായി ഒന്നുമില്ല. എല്ലാം നമ്മുടെ കയ്യെത്തും ദൂരത്തുണ്ട്. എത്തിപ്പെടാൻ നമ്മുടെ മനസ്സിനു സാധ്യമാണെങ്കിൽ നാം ആഗ്രഹിച്ചതു കീഴ്പ്പെടുത്തി വിജയം വരിക്കാൻ നമുക്ക് സാധ്യമാണ്.

**സ്മിജിമോൾ കെ.ജെ**

| | | |
|---|---|---|
|  |  |  |
| **Anjana P** | | |

## യാത്ര

പുലരി തഴുകിയുണർത്തി
സ്വരമായ് പാടുന്ന കിളികളേ
പൂവിൻ സൌന്ദര്യം നുകരും ചിത്രശലഭങ്ങളെ
ഇന്നും തീരാതെ പോയൊരെൻ സ്വപ്നമേ
ഏകയായ് വന്നു ഏകയായ് വിടപറയും നേരം
നിഴലിനെയുമുപേക്ഷിക്കുമൊരു യാത്ര
അർത്ഥമില്ലാ കടലാസു കഷ്ണങ്ങളെ
അർത്ഥമുണ്ടിന്നേരം അനുഭവങ്ങളെ
നാളെയിന്നേരം ഞാനാരംഭിക്കുമീ
എന്നേക്കുമായെൻ അനന്തമാം യാത്ര

**നിമദാസ് എ.എച്ച്**

# ഇതാ ഒരു മനുഷ്യൻ

സത്യം സമത്വം സ്വാതന്ത്ര്യം എന്നീ സനാതന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, ജനാധിപത്യത്തിലും നിയമവാഴ്ചയിലും മതേതരത്വത്തിലും അഹിംസാ സിദ്ധാന്തത്തിലും അടിയുറച്ച് വിശ്വസിച്ച്, ഇന്ത്യൻ ഭരണഘടനയ്ക്ക് അകത്തുനിന്നുകൊണ്ട് ദരിദ്രരിൽ ദരിദ്രരായ ദളിത്-ആദിവാസികളെ കൈപിടിച്ച് ഉയർത്താൻവേണ്ടി, അരനൂറ്റാണ്ടോളം വിട്ടുവീഴ്ചയില്ലാതെ പൊരുതി മരിച്ച്, മരണത്തേയും അതിജീവിച്ച ഒരു മനുഷ്യൻ! ഭരണകൂട ഭീകരതയുടേയും നീതിന്യായാധികാരികളുടെ നിഷ്ക്രിയത്വത്തിൻറെയും ഭീരുത്വത്തിൻറെയും ഇര! തൻറെ മരണംവഴി അധികാരികളെ ഞെട്ടിക്കുകയും, തൻറെ ജാമ്യാപേക്ഷയിൽ വാദംകേട്ടുകൊണ്ടിരുന്ന ന്യായാധിപന്മാരെ സ്തബ്ധരാക്കി പ്രതികരിക്കാൻ വാക്കുകൾ കിട്ടാതാക്കുകയും ചെയ്ത ഒരു മനുഷ്യൻ! ഈ മനുഷ്യൻറെ 'നിയമാനുസൃതമായ' (due process of law) കസ്റ്റഡിമരണത്തിൽ ഒരുപാടുപേർക്ക് പങ്കുണ്ട്. ഇന്ത്യൻ ഭരണകൂടം, ദേശീയ സുരക്ഷാ ഏജൻസി, ഉന്നത നീതിന്യായാധികാരികൾ, ജയിലധികാരികൾ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ പലരോടുമൊപ്പം പൌരന്മാരായ നമുക്കും പങ്കുണ്ട്. കാരണം ഇന്ത്യൻ ഭരണഘടനയുടെ, ലോകത്തിലെ സവിശേഷ ഭരണഘടനകളിൽ മുന്നിലുള്ള ഒന്നായ നമ്മുടെ സ്വന്തം ഭരണഘടനയുടെ 'പരമാധികാരികൾ' ആണല്ലോ പൌരന്മാരായ നമ്മൾ ഓരോരുത്തരും. അതോർക്കുമ്പോൾ ലജ്ജയും കുറ്റബോധവുംമൂലം തല വല്ലാതെ കുനിഞ്ഞു പോകുന്നു. മനസ്സ് വല്ലാതെ അസ്വസ്ഥമാകുന്നു. ദേശത്തും വിദേശത്തും പലവേദികളിലും ഈ മരണം ചർച്ചാവിഷയമായി എന്നുമാത്രമല്ല ഒട്ടേറെ പ്രമുഖർ ഒരു മനുഷ്യസ്നേഹിയുടെ 'അപമാനകരമായ' മരണത്തിൽ രോഷവും ദുഃഖവും നടുക്കവും രേഖപ്പെടുത്തുകയുമുണ്ടായി. വ്യാജകുറ്റാരോപിതനായി, കുറ്റം തെളിയിക്കപ്പെടാതെ, രാഷ്ട്രീയ പകയോടെ, 'ദേശദ്രോഹി' എന്ന മുദ്രയടിച്ച്, 'നിയമമനുസരിച്ച്' മരണത്തിന് വിട്ടുകൊടുക്കപ്പെട്ട ഈ മനുഷ്യസ്നേഹിയുടെ ജീവിതം ഏതാനും വരികളിൽ കോറിയിടുവാനുള്ള ഒരു എളിയശ്രമമാണ് ഈ ലേഖനം. ഈ മനുഷ്യൻറെ പേരാണ് ഫാ.സ്റ്റനിസ്ലാവോസ് ലൂർദ്ദ് സ്വാമി എസ്.ജെ അഥവാ സ്റ്റാൻ സ്വാമി. ആദിവാസികൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരു കത്തോലിക്ക പുരോഹിതൻ; 'ജെസ്യൂട്ട്' സന്യാസസഭാ അംഗം. (ജെസ്യൂട്ട് സഭ 16-ാം നൂറ്റാണ്ടിൽ ആരംഭിച്ചു.) ഈ സഭാംഗങ്ങൾ (ഈശോ സഭ എന്നും അറിയപ്പെടുന്ന സഭ) ലോകമാകെതന്നെ തങ്ങളുടെ പ്രവർത്തനവേദിയായി കാണുന്നു. കത്തോലിക്ക സഭയുടെ ആഗോളനേതാവായ വത്തിക്കാനിലെ ഫ്രാൻസിസ് മാർപ്പാപ്പയും ജെസ്യൂട്ട് സഭ അംഗമാണ്. പ്രാർത്ഥനയും പരിത്യാഗവും പ്രബോധനവും മാത്രമല്ല സാഹചര്യങ്ങൾ അനുസരിച്ച് മനുഷ്യനന്മക്കായി രാഷ്ട്രീയ സാമൂഹ്യ ഇടപെടലുകളും നടത്തുന്നവരാണ് ജെസ്യൂട്ടുകൾ. സ്റ്റാൻ സ്വാമിയും അതാണ് ഝാർഖണ്ഡിൽ ചെയ്തുകൊണ്ടിരുന്നത്.

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ (ട്രിച്ചി) 26-ഏപ്രിൽ-1937 ൽ ജനിച്ചു. തിയോളജിയിൽ ബിരുദവും സോഷ്യോളജിയിൽ ബിരുദാനന്തരബിരുദവും നേടി. നീണ്ട വർഷങ്ങളിലെ പഠനത്തിനും പരിശീലനത്തിനുംശേഷം പുരോഹിതനായി അവരോധിക്കപ്പെട്ടു. ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ബങ്കളൂരുവിൽ (ISI Bangalure) അദ്ധ്യാപകനും തുടർന്നു സ്ഥാപനത്തിൻറെ ഡയറക്ടറും ആയി. ഈ കാലത്ത് ധാരാളം സാമൂഹ്യസംഘടനകളും വ്യക്തികളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. സാധാരണ ജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ടതുകൊണ്ട് അവരുടെ ജീവിതവും പ്രശ്നങ്ങളും നന്നായി മനസ്സിലാക്കി. ദളിത്-ആദിവാസികളുടെ ദയനീയ അവസ്ഥയും അവകാശനിഷേധവും അദ്ദേഹത്തെ വളരെ ദുഃഖിപ്പിച്ചു. അവർക്കായി പ്രവർത്തിക്കണമെന്ന ഉൾപ്രേരണയാൽ ബങ്കളുരുവിലെ ജോലി മതിയാക്കി മദ്ധ്യ ഇന്ത്യയിലെ ഏറ്റം ദരിദ്രരായ ആദിവാസികളുടെ നാടായ ഝാർഖണ്ഡിലേക്ക്

പോയി. അവിടെ ആദിവാസികളുടെ മദ്ധ്യേ, ഒരു ഒറ്റമുറി കുടിലിൽ അവരേപ്പോലെ ഒരുനേരംമാത്രം ഭക്ഷണം കഴിച്ച്, അതും നിലക്കടല പ്രധാന ആഹാരമായി, ജീവിതം ആരംഭിച്ചു. നിരക്ഷരരായ കുട്ടികളെ പഠിപ്പിക്കുകയും അവരുടെ വീടുകൾ സന്ദർശിക്കുകയും ചെയ്തു. തൻറെ നിലപാടുകളിൽ ഉറച്ചു നിൽക്കാൻ അദ്ദേഹത്തിന് ഇക്കാലത്തെ അനുഭവങ്ങൾ വഴിതെളിച്ചു.

തന്നെ സ്വാധീനിച്ച ചിലരെപ്പറ്റി അദ്ദേഹം പറഞ്ഞു. അതിലൊരാൾ ബ്രസീലിലെ ആർച്ച്ബിഷപ്പ് ഹെൽദർ കാമ്റെയാണ്. ബിഷപ്പ് ഒരിക്കൽ പറഞ്ഞു - "ഞാൻ ദരിദ്രർക്ക് ഭക്ഷണം കൊടുക്കുമ്പോൾ നിങ്ങളെന്നെ വിശുദ്ധൻ എന്ന് വിളിക്കുന്നു; ഇവരെങ്ങനെ ദരിദ്രരായി എന്ന് ചോദിക്കുമ്പോൾ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കുന്നു." ഇതാണ് സ്റ്റാൻ സ്വാമിയേയും അധികാരികൾ 'മാവോയിസ്റ്റ്' ആക്കിയതിൻറെ പുറകിലെ രഹസ്യം. ഇതുതന്നെയാണ് ചോദ്യം ചെയ്യുന്നവരെ ഇല്ലാതാക്കുന്ന നിലപാടിലെ യുക്തിയും. സ്വാധീനിച്ച മറ്റൊരാൾ 'പാവലോ ഫ്രെയ്ർ' എന്ന ചിന്തകനാണ്. അദ്ദേഹം ഇറക്കിയ ഒരു ബുക്ക് ലെറ്റിൽ - (Pedagogy of the Oppressed) ഇങ്ങനെ പറയുന്നു - "അവകാശങ്ങൾ നിഷേധിക്കപ്പെട്ട ദളിതരെ ഉണർത്തി (awakening) അവരുടെ അവസ്ഥയെപ്പറ്റി ബോധവാന്മാരാക്കിയാൽ അവർ സ്വയം ഉയർന്ന് പ്രവർത്തിച്ച് പ്രശ്നപരിഹാരം കണ്ടെത്തിക്കൊള്ളും" എന്ന്. തല്ക്കാലം ബോധവൽക്കരണമാണ് അത്യാവശ്യമെന്ന് സ്റ്റാൻ സ്വാമിക്കും അറിയാമായിരുന്നു. അതിനാൽ ആദിവാസിയുവാക്കളോട് അദ്ദേഹം നിരന്തരം സംവദിച്ചിരുന്നു. അവരുടെ തനത് സംസ്ക്കാരം, ജീവിതശൈലി, ഭരണഘടനാപരമായ അവകാശങ്ങൾ, ഉന്നത വിദ്യാഭ്യാസത്തിൻറെ ആവശ്യകത, ആരോഗ്യസാക്ഷരത എന്നിവയെല്ലാം അവരുമായി പലപ്പോഴും ചർച്ചചെയ്തിരുന്നു. പക്ഷേ ഈ ചർച്ചകളൊന്നും നിയമവിരുദ്ധമോ അഹിംസവിരുദ്ധമോ ആയിരുന്നില്ല. ഇതിൻറെ ഫലമായി ആദിവാസികൾ ഒരു കലാപവും നടത്തിയിട്ടുമില്ല. ഇത്തരം ബോധവൽക്കരണം ഫലം കാണുന്നത് അധികാരികൾക്ക് സഹിക്കാവുന്നതായിരുന്നില്ല. ആദിവാസികളിൽ ക്രമേണ ഒരു പുതിയ ഉണർവും ഉത്സാഹവും വളർന്ന് വന്നു. അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി അവർ പ്രവർത്തന സന്നദ്ധരായി. അവരോട് സഹകരിക്കാനും നേതൃത്വം നൽകാനും മറ്റുപല സംഘടനകളും വ്യക്തികളും തയ്യാറായിവന്നു.

ഝാർഖണ്ഡിലെ ആദിവാസികൾ ഭൂമിയോട് പ്രത്യേക സ്നേഹവും ആദരവും ഉള്ളവരായിരുന്നു. ജീവൻ കൊടുത്താലും ഭൂമി കൈവിടാൻ അവർ തയ്യാറായില്ല. അന്താരാഷ്ട്ര കുത്തക കമ്പനികൾ ആദിവാസി ഭൂമിയിൽ നോട്ടമിട്ടിരുന്നു. ധാതുസംപുഷ്ടമായ മണ്ണ് ചൂഷണം ചെയ്യാൻ കോടീശ്വരരായ ഖനിമുതലാളികൾ തന്ത്രങ്ങൾ മെനയുകയും അധികാരികളുടെ സഹായത്തോടെതന്നെ ആദിവാസികളെ കുടിയൊഴിപ്പിക്കുകയും ചെയ്യാൻ തുടങ്ങി. ഇതിനെ ചെറുക്കാൻ നിയമസഹായം തേടാൻ സ്റ്റാൻ സ്വാമി ശ്രമിച്ചു. ഇന്ത്യൻ ഭരണഘടനയിൽ ആദിവാസി സംരക്ഷണത്തിനായി ചേർത്തിയിട്ടുള്ള വകുപ്പുകൾ നടപ്പിലാക്കാൻ ഗവർമ്മെണ്ടിനോട് നിരന്തരം അഭ്യർത്ഥിച്ചുകൊണ്ടിരുന്നെങ്കിലും ഫലമൊന്നും കണ്ടില്ല. ഭരണഘടനയിലെ അഞ്ചാം ഷെഡ്യൂളിൽ പറയുന്നപോലെ ഒരു 'ആദിവാസി ഉപദേശകസമിതി' ഉണ്ടാക്കി ആദിവാസികളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പുവരുത്താൻ അദ്ദേഹം ആവശ്യപ്പെട്ടു. ഭരണാധികാരികൾ ഒന്നിനും തയ്യാറായില്ല എന്നു മാത്രമല്ല എങ്ങിനെയും സ്റ്റാൻ സ്വാമിയെ അറസ്റ്റുചെയ്യാൻ വഴികൾ അന്വേഷിക്കുകയുമായിരുന്നു. 2018-ൽ പൂനയിൽ ഭീമകോരേഗാവ് എന്ന സ്ഥലത്തുനടന്ന കലാപത്തിൽപെട്ട യഥാർത്ഥപ്രതികളെ രക്ഷിക്കാൻ ഏതാനും ആദിവാസികളെ അന്യായമായി അറസ്റ്റുചെയ്തു. അവരെ കലാപത്തിന് പ്രേരിപ്പിച്ചു എന്ന് ആരോപിച്ച് സ്റ്റാൻ വാസസ്ഥലം റെയ്ഡ് ചെയ്ത് ലാപ്ടോപ്പ് എടുത്തുകൊണ്ടുപോയി. അത് പിന്നീട് അദ്ദേഹത്തിന് തിരിച്ചുകൊടുത്തില്ല എന്നുമാത്രമല്ല

അതിനെ ഒരു കരുവാക്കി അതിൽനിന്ന് സ്വാമി ഒരു മാവോയിസ്റ്റ് അനുഭാവി (sympathizer) യാണെന്നതിന് തെളിവുകൾ കണ്ടെത്തിയെന്ന് ആരോപിച്ച് അറസ്റ്റിനെ ന്യായീകരിക്കുകയും ചെയ്തു. എല്ലാം ഭംഗിയായി നടന്നു! 'വെഗാസഡ്' വിവാദകാലത്തും "ലാപ്ടോപ് തെളിവുകളെ" ഒരു ജഡ്ജിയും സംശയിച്ചുമില്ല. അറസ്റ്റിന് രണ്ടുദിവസം മുൻപ് ഒരു വീഡിയോയിൽ സ്റ്റാൻ സ്വാമി താൻ ഗവർമെണ്ട് പോളിസിയോട് വിയോജിക്കുന്നതുകൊണ്ട് ഉടൻ അറസ്റ്റ് ചെയ്യപ്പെടുമെന്നും ഇത് പോലുള്ള സംഭവങ്ങൾ തനിക്കുമാത്രമല്ല രാജ്യത്തുടനീളം നടക്കുന്നുണ്ടെന്നും ധാരാളം ബുദ്ധിജീവികളും വക്കീൽമാർ, സാഹിത്യകാരന്മാർ, കവികൾ, മാധ്യമപ്രവർത്തകർ, വിദ്യാർത്ഥികൾ, സർവ്വോപരി മനുഷ്യാവകാശ പ്രവർത്തകർ തുടങ്ങിയവരും ചോദ്യം ചെയ്യലിൻറെയും വിയോജിപ്പിൻറെയും പേരിൽ തടവിൽ കിടക്കുന്നുണ്ടെന്നും തനിക്കും അവരോട് പങ്കുചേരുന്നതിൽ സന്തോഷമുണ്ടെന്നും പറഞ്ഞു. **ഞാൻ ഒരു നിശബ്ദ കാഴ്ചക്കാരനല്ല. ഈ കളിയിൽ പങ്കാളിയാണെന്നും അതിൻറെ വിലകൊടുക്കാൻ തയ്യാറായിരിക്കുകയാണെന്നും പ്രസ്താവിച്ചു.**

ഒക്ടോബർ 8, 2020-ൽ സ്വാമിയെ NIA (National Investigation Agency) UAPA (Unlawful Activities (Prevention) Act) അനുസരിച്ചു തടവിലാക്കി. ജാമ്യം കിട്ടാൻ സാധിക്കാത്ത അറസ്റ്റാണ് ഇത് എങ്കിലും ഉന്നതകോടതികൾക്ക് അത്യാവശ്യമെങ്കിൽ ഇടപെടാൻ സാധിക്കുമായിരുന്നു. മുംബൈ-ലെ സെൻട്രൽ ജയിലിൽ 84 കാരനായ ഈ തടവുകാരൻ യാതൊരു ആനുകൂല്യങ്ങളും കൊടുക്കാതിരിക്കാൻ അധികാരികൾ ബദ്ധശ്രദ്ധരായിരുന്നു. പക്ഷെ നൂറുകണക്കിന് തടവുപുള്ളികൾ അദ്ദേഹത്തിന് സഹായമായി . പാർക്കിൻസൺ രോഗവും വാർദ്ധക്യ സഹജമായ അവശതകളും, നേരെ നിൽക്കാനോ ഭക്ഷണം കഴിക്കാനോ എന്തിന് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനോ കഴിവില്ലായ്മയുമൊന്നും അധികാരികളെ കരുണകാണിക്കാൻ പ്രേരിപ്പിച്ചില്ല. തറയിൽ കിടക്കാനോ പുതയ്ക്കാനോപോലും വേണ്ടതെല്ലാം സഹതടവുകാരാണ് നൽകിയത്. പ്രതിബന്ധങ്ങളൊന്നും തന്നെ സ്വാമിയുടെ ആത്മവീര്യം കെടുത്തിയില്ല. **"ഇനിയും ഞങ്ങൾ ഒരുമിച്ച് പാടും; കൂട്ടിലടച്ചകിളിക്കും പാടാനാവും"** എന്നാണ് അദ്ദേഹം പറഞ്ഞത്. പല പ്രാവശ്യം NIA യുടെ തടസ്സം കാരണം ജാമ്യാപേക്ഷ തള്ളിക്കളഞ്ഞുവെങ്കിലും വീണ്ടും സ്വാമി ശ്രമം തുടർന്നു. ഒടുവിൽ, ജയിലിൽ പടർന്നുപിടിച്ച കോവിഡ് സ്വാമിയേയും ബാധിച്ചു. തുടർന്ന് ബോംബെ ഹൈക്കോടതിയുടെ പ്രത്യേക ഇടപെടൽവഴി സ്വാമിയെ ഒരു പ്രൈവറ്റ് ആശുപത്രിയിലാക്കുകയും അവിടത്തെ വെൻറിലേറ്ററിൽവെച്ച് മരണമടയുകയും ചെയ്തു. കൊല്ലപ്പെട്ട ജൂലിയസ് സീസറെപ്പറ്റി ഷേക്സ്പിയർ എഴുതിയപോലെ, ജീവിച്ചിരിക്കുമ്പോഴത്തെക്കാൾ അധികമായി മരണശേഷം സ്റ്റാൻസ്വാമി അറിയപ്പെട്ടു. "Stan Will change India" എന്നുവരെ പറഞ്ഞവരുണ്ട്. പ്രസിദ്ധ മലയാളകവി കെ.ജി.ശങ്കരപ്പിള്ള സ്വാമിയെക്കുറിച്ച് എഴുതിയ കവിതയിൽ ചിലവരികൾ ഉദ്ധരിക്കാം -

സ്റ്റാൻ സ്വാമി പലർക്കും അലോസരമായിരുന്നു -
അവർ സ്വാമിയില്ലാത്ത ഭൂമി സ്വപ്നം കണ്ടു - അവർ കാത്തു; ------
കൊന്നതാണെന്ന് തോന്നാത്തൊരു കൊലനടപ്പായി ---------
എവിടെയാണ് നാം? എന്തുതരം ജീവിതമാണ് നാം ജീവിക്കുന്നത്? --------

സ്റ്റാൻ സ്വാമിയുടെ മരണം നമ്മെ ഓർമ്മിപ്പിക്കുന്നു, പ്രായം ഒന്നിനും തടസ്സമല്ലെന്നും പ്രായം കൂടുംതോറും കുറയുന്നതല്ല മനുഷ്യൻറെ പ്രതിരോധമെന്നും സ്വാമിയെപ്പോലെ നമുക്കും പ്രത്യാശയുണ്ട്. ഒരുനാൾ ജനാധിപത്യം ജയിക്കുമെന്ന്; പരമാധികാരം ജനങ്ങളിൽത്തന്നെ നിലകൊള്ളുമെന്ന്; പൌരാവകാശങ്ങൾ ഒന്നും ഹനിക്കപ്പെടുകയില്ലെന്ന്. ഭരണഘടനയും നിയമങ്ങളുമെല്ലാം കാലാനുസൃതമായി തിരുത്തപ്പെടേണ്ടതിൻറെ ആവശ്യകത

എന്നാണാവോ നീതിന്യായാധികാരികൾക്കും പരമോന്നതകോടതിക്കും നമ്മൾ തെരഞ്ഞെടുത്തയക്കുന്ന പ്രതിനിധികൾക്കും ബോദ്ധ്യമാവുക! കാത്തിരുന്ന് കാണാം.

സ്വാമി ജൂലൈ 5, 2021-ൽ മുംബൈ ആശുപത്രിയിൽവെച്ച് നിര്യാതനായ വിവരം ഇന്ത്യയിലും വിദേശങ്ങളിലും വൻ പ്രതിഷേധവും ദുഃഖവും ഉളവാക്കി. സമാന ചിന്താഗതിക്കാരായ സുഹൃത്തുക്കളുടെ ഉള്ളിൽ പൊങ്ങിവന്ന ചോദ്യം ഒന്നു തന്നെ - ആദിവാസികളുടെ മോചനത്തിനും ശ്രേയസ്സിനുംവേണ്ടി ജീവിതത്തിൽ മുക്കാൽഭാഗവും ചെലവഴിച്ച ഒരു സുമനസ്സിനെ സ്വാർത്ഥലാഭത്തിനായി തല്പരകക്ഷികൾ കപട കുറ്റാന്വേഷണ വഴികളിലൂടെ നീചമായും നിഷ്ഠൂരമായും മരണത്തിന് വിട്ടുകൊടുക്കുകയായിരുന്നുവോ? തടവറയേയും മരണത്തേയും ഭയന്നിട്ടില്ലാത്ത ഈ ധീരൻ മധുരമായ ഒരു വ്യക്തിത്വത്തിന്നുടമയായിരുന്നു. 9 മാസത്തെ ജയിൽജീവിതം തനിക്ക് ഒരു പുതിയ ഐക്യബോധവും ധൈര്യവും ശക്തിയും നല്കിയെന്നതിൽ സന്തോഷിക്കുന്നു. ഇക്കാലത്ത് ധാരാളം കത്തുകളും കവിതകളും ഓർമ്മക്കുറിപ്പുകളും ചിന്തകളും എഴുതി. സഹതടവുകാരെപ്പറ്റി “അവരാണ് എൻറെ കണ്ണും കാതും കൈകാലുകളും” എന്ന് എഴുതി. മരണം മുൻകൂട്ടിക്കണ്ട് ഒരു വിടപറയൽ സന്ദേശവും എഴുതി ഒരുങ്ങിയിരുന്നു - അതിൽ കൂടെനിന്ന് വഴിനടത്തിയവരേയും മുൻപേ വിടപറഞ്ഞവരേയും സ്മരിക്കുന്നു. ഇഷ്ടകവി ഖലീൽ ജിബ്രാൻറെ കവിതയിൽനിന്ന് ഒരു വരി ഉദ്ധരിക്കുന്നു - അത് ഇങ്ങനെയാണ് -

“ജീവിതവും മരണവും ഒന്നു തന്നെ, നദിയും കടലും ഒന്നെന്നപോലെ.”

സത്യം, നീതി, മാനവികത എന്നിവയ്ക്കായി പൊരുതുന്ന സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും കൂടെ നടക്കാൻ കഴിവിൻറെ പരമാവധി ശ്രമിച്ചു എന്നാണ് ഞാൻ ഓർമ്മിക്കപ്പെടാൻ ആഗ്രഹിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് ആ സമത്വ സുന്ദര സ്വപ്നഭൂമിയിലേക്ക് അദ്ദേഹം പറന്ന് ഉയർന്നു.


**ജെമ്മ**

**Eldermarian activity report**

**2021- 22**

On 04.08.2021, Eldermarian Association organized a Debate on the topic 'Choose the Challenge' via google meet. Meeting URL: https://meet.google.com/kjz-csxs-evr. 36 Students from various departments participated in the programme. Mrs. Soja KK, Advisory Committee Member of Sthree Shakthi Kendram, Ayyanthole was the moderator for the debate.









Elder Marian Association organised a Talk on 'A B C of Gender' for students and parents on 18.08.2021 from 3 pm to 4 pm. **Resource person for the programme was Dr. R. Ramya,** Assistant Professor and Head of the Department, Research Department of Economics, Sri C. Achutha Menon Government College, Thrissur. The programme was organised through Google meet and was telecasted through the official youtube channel of the college.

Google meet link - https://meet.google.com/mfg-jkfc-szc

YouTube live streaming Link - https://youtu.be/U8mc59vPWTg






Elder Marian Association organised a Quiz Competition on History of the Freedom Movement in Kerala in collaboration with the PG Department of History, St.Mary's College, Thrissur on 09.11.2021 in connection with the 75th Year of Indian Independence Golden Jubilee Celebrations. Vismitha (Alumni, 2017-19 MA History) served as Quiz master. Third prize was won by Christy Shajan (III BA History) and Rajasree Rajeev (I BA History), Second prize by Nanda Arush and Anagha VP (I BA History) and First Prize was won by Vandana K.R and Diya K B (I BA History). Winners were awarded with cash awards (1000, 750 and 500 rs respectively for I, II and III prize), certificate and Trophy.









Considering the long periods of screen time that students are spending due to the covid pandemic and online class mode of education that may adversely affect eye health, Elder Marian Association decided to provide free eye camp for our students.

Elder Marian Association organised a free eye camp for II DC Students of St.Mary's College on 10.11.2021 in collaboration with Malabar Eye Hospital, Thrissur. More than 550 students underwent eye check up and 86 were found to have issues related to eye vision and were directed for further detailed consultation at Malabar Eye Hospital.The camp includes free consultation and treatment if needed.










Department of Computer Science and Applications organized a career motivation session with alumnae on 18th November 2021 for the final year BCA students. The invited alumnae Ms Manjusha Narayanan, Senior Software Developer, Wipro Technologies, Bangalore. She is an eminent alumna of our department with years of experience in Software Development. She discussed various career options after graduation and dealt with the challenges that the students may face while applying for an IT job. She also shared her insights on campus placement and gave a brief idea on how to crack a job interview. The session was really informative and the students could understand how to build up a successful career.




Elder Marian Association organized a Cookery Show on 23.11.2021. Ms.Dimple Joseph, renowned host of cookery shows conducted demonstration session on Granola Bar, a tasty and healthy bar for all age groups. The programme was live streamed through our official YouTube channel from 2.00pm. All the faculty and students of the college attended the programme.







Elder Marian Association organized a talk on Life skills by Shaukath, receiver of Kerala Sahithya Academy Award (2007) in association with Dept. of Botany on 11/1/2022. The session was attended by 84 students (first and second year degree students of Botany Department). Students were given awareness on healthy relationship practices between parents, friends and others. The session was highly interactive and students actively discussed various problems they were facing as a youth generation.







Thrissur, Kerala, India
Chembukkav, Thrissur, Kerala 680020, India
Lat 10.526804°
Long 76.218399°
11/01/22 10:07 AM
Google


Thrissur, Kerala, India
Pallikulam -Thayyoor Rd, Chembukkav, Thrissur, Kerala 680001, India
Lat 10.525052°
Long 76.218583°
11/01/22 10:42 AM
Google

# മനുഷ്യത്വം കാത്ത്

രാവിലെ എഴുന്നേറ്റ് ഒരു കപ്പ് ചായയും പത്രവുമായി ഉമ്മറത്ത് ഇരിപ്പാണ് അശ്വതി. കൊറോണ കാരണം ക്ലാസ്സ് ഇപ്പോൾ ഓൺലൈൻ ആയത്കൊണ്ട് സ്കൂളിൽ പോകാൻ വേണ്ട പതിവ് കലാപരിപാടികൾ ഒന്നും തന്നെ ആവശ്യമില്ലല്ലോ. "പത്രങ്ങളിൽ മുഴുവൻ കൊറോണയാണ് താരം" എന്ന് പറഞ്ഞ് ഒരു പുഞ്ചിരി തൂകി കൊണ്ട് "ഞാൻ ഇതുവരെ ഒരു കൊറോണ ബാധിച്ച വ്യക്തിയെ കണ്ടിട്ടില്ലല്ലോ അമ്മേ" എന്ന് ഉറക്കെ പറഞ്ഞു.

കൊറോണ വന്നാലും ആകാശം ഇടിഞ്ഞ് വീണാലും അവധിയില്ലാത്ത ഒരു വിഭാഗമാണ് വീട്ടമ്മമാർ. അശ്വതിയുടെ അമ്മയും ആ വിഭാഗത്തിൽപ്പെട്ടയാളാണ്.

ചൂടേറിയ വാർത്തകൾ വായിച്ച് ദിവസം ഒന്നു ഉഷാറാക്കാൻ തീരുമാനിച്ച് അശ്വതി പിന്നെയും വായന തുടർന്നു. പെട്ടെന്നാണ് ഒരു ഓട്ടോ അവരുടെ വീടിനു മുന്നിലൂടെ പോവുന്നത് അവൾ ശ്രദ്ധിച്ചത്. ആ വഴിയിലെ അവസാന വീടാണ് അവളുടേത്. പിന്നെ എങ്ങോട്ടാണ് ഈ ഓട്ടോ പോകുന്നതെന്ന് അറിയാൻവേണ്ടി പുറത്തിറങ്ങി നോക്കി. മതിലിനരികെ ഓട്ടോ തിടുക്കത്തിൽ നിർത്തുന്നതും, രണ്ടാളുകൾ ചേർന്ന് ഒരു മനുഷ്യനെ പുറത്തിറക്കുന്നതും അവൾ കണ്ടു. സൂക്ഷിച്ച് നോക്കിയപ്പോൾ അത് അവളുടെ അയൽവാസിയായ സത്യൻ എന്ന പേരുള്ള ഒരു ചേട്ടനാണ്. സത്യൻ ഒരു ലോട്ടറി വിൽപ്പനക്കാരനാണ്. വിവാഹം കഴിച്ചിട്ടില്ല. അമ്മയും വിവാഹം കഴിക്കാത്ത ഒരു സഹോദരിയുമാണ് ഉള്ളത്.

വന്നവർ അതിവേഗത്തിൽ മതിലിൽ ചാരിവെച്ച് ഓട്ടോയിൽ തിരികെപോയി. അശ്വതി അമ്മയുടെ അടുത്തേക്ക് ഓടിചെന്ന് പറഞ്ഞു. "അമ്മേ, സത്യൻ ചേട്ടനെ ആരൊക്കെയോ ചേർന്ന് വഴിയിൽ കൊണ്ടുവന്നു വച്ചിരിക്കുന്നു. അമ്മയും അശ്വതിയും അടുത്തുള്ള ആളുകളും കൂടി, സത്യൻറെ സഹോദരിയും ഉണ്ടായിരുന്നു. അയാളുടെ അരികിൽ മരുന്നുപൊതികളും മരുന്നും ഉണ്ടായിരുന്നു. സഹോദരി കുറെവിളിച്ചിട്ടും അയാൾ അനങ്ങിയില്ല. സഹായിക്കാൻ കൂടിനിന്ന ആരും ഉണ്ടായില്ല."

അശ്വതിയെ അവളുടെ അമ്മ വീട്ടിലേക്ക് പിടിച്ചുകൊണ്ടുവന്നു. അശ്വതി ചോദിച്ചു. എന്താ അമ്മേ ആരും അവരെ സഹായിക്കാത്തത്. അമ്മ പറഞ്ഞു. "നീ കണ്ടില്ലേ അയാളുടെ അരികിൽ മരുന്നുപൊതിയും. മരുന്നും ഉണ്ട്, കൊറോണയാണെന്നാണ് തോന്നുന്നത്. അച്ഛൻകൂടി വീട്ടിൽ ഇല്ലാത്തതാണ് നമ്മൾ ഒന്നും വരുത്തിവെക്കണ്ട നീ ഇങ്ങ്പോരെ". അശ്വതി ചിന്തിച്ചു, മനുഷ്യനെ മൃഗങ്ങളിൽനിന്ന് വ്യത്യസ്തരാക്കുന്നത് ചിന്തിക്കാനുള്ള കഴിവിൻറെ അടിസ്ഥാനത്തിലാണ്. എന്നാൽ, മനുഷ്യത്വം എന്നത് മനുഷ്യൻറെ ഉള്ളിൽ നിന്ന് ഒരുപാട് അകന്ന് പോയിരിക്കുന്നു.

സമയം ഒത്തിരികഴിഞ്ഞെങ്കിലും സഹായിക്കാൻ ആരുംതന്നെ വന്നില്ല. അവസാനം, അടുത്തവീട്ടിലെ അന്തോണിചേട്ടൻ ആൾക്കൂട്ടം കണ്ട് വരുകയും, സഹായിക്കാൻ പലരെയും വിളിക്കുകയും ചെയ്തു. ആരും വരാതെയായപ്പോൾ

സ്വയം അയാളെ വാരിപുണർന്ന്കൊണ്ട് അയാളുടെ വീട്ടിലേക്ക് കൊണ്ടുപോയി കിടത്തി. അപ്പോഴേക്കും അയാൾ മരിച്ചുകഴിഞ്ഞിരുന്നു. പിന്നെ, ആകെ ബഹളമായി ആംബുലൻസ് വന്നു അയാളെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. കടുത്ത പനി ഉണ്ടായിരുന്നു. സത്യൻ ചേട്ടന് അവസാനം കൊറോണയാണെന്ന് സ്ഥിരീകരിച്ചു. അന്തോണി ചേട്ടൻ ക്വാറൻറീനിൽ പോയി.


പിറ്റേ ദിവസത്തെ പത്രത്തിൽ ഈ സംഭവം വാർത്തയായി. കൊറോണ രോഗിയെ വഴിയരികിൽ ഉപേക്ഷിച്ചുപോയിരിക്കുന്നുവെന്ന്. അന്തോണി ചേട്ടൻറെ ധീരമായ ഇടപെടലിനെകുറിച്ചും വാർത്തയിൽ എഴുതിയിരുന്നു. അശ്വതിയുടെ അമ്മ ഫോണിലൂടെ സംഭവം ഉപ്പും മുളകും ചേർത്ത് ആരൊക്കെയോ വിളിച്ച് പറയുകയാണ്. “മനുഷ്യത്വം നഷ്ടമാകാത്ത ചില മനുഷ്യർ ഇപ്പോഴും നമുക്കിടയിൽ ഉണ്ട്” എന്ന് ഓർത്തുകൊണ്ട് അശ്വതി ചായ കപ്പുമായി അകത്തേക്ക് പോയി.

**സ്റ്റെഫി ആൻറണി സി.**



SECOND PRIZE (cover page competition)

THIRD PRIZE (cover page competition)



## സ്നേഹത്തോടെ

തിരഞ്ഞ് പിടിച്ച് അബദ്ധത്തിൽചെന്ന് ചാടിയപോലെ ആയിരുന്നു മാനേജ്മെൻറ് സീറ്റിൽ സെൻറ് മേരീസിൽ അഡ്മിഷൻ കിട്ടിയ എൻറെ അവസ്ഥ. ഒട്ടും താൽപ്പര്യമില്ലാതെ ചേർന്ന ഒരു കോളെജ്. ഒന്നാമത്തെ കാരണം വിമൻസ് ഓൺലി, രണ്ടാമത്തെ കാരണം "No Mobile Phones". മൂന്നുകൊല്ലം യൂണിഫോമിൻറെ പോക്കറ്റിൽനിന്നും പുറത്തേക്ക് പോകേണ്ടിവരാതെ എന്നോട് മുട്ടിയുരുമി നിന്നിരുന്ന എൻറെ ഫോണിനെ വീട്ടിൽ ഉപേക്ഷിച്ചുവരാൻ മനസ്സു വന്നില്ല. പക്ഷെ എന്തുചെയ്യാൻ, എന്തായാലും മുങ്ങി ഇനി കുളിച്ച് കയറാം എന്ന് വിചാരിച്ചു.

പി.ജി. കാലഘട്ടം, ഒരുപാട് പ്രതീക്ഷകളുണ്ടായിരുന്നു എന്നൊക്കെ പറഞ്ഞാൽ തള്ളുന്നതുപോലെ തോന്നും. അതുകൊണ്ട് "No Comments". സാധാ പോയി പോരണപോലെ അങ്ങോട്ട് തുടങ്ങി. അവിടെ ആദ്യം വന്ന അഞ്ച് പേരിൽ ഒരാളായിരുന്നു ഞാൻ. ഞങ്ങൾ വന്ന് കുറച്ച് കഴിഞ്ഞാണ് അവിടെ പുതിയ പുതിയ പെൺകുട്ടികൾ വരാൻ തുടങ്ങിയത്. "ചിലർ വന്നു, ചിലർ പോയി" ഞാൻ അവിടെത്തന്നെ ഉണ്ടായിരുന്നു. തുടക്കകാരായി വന്നതുകൊണ്ട് തന്നെ ഒരേ ക്ലാസ്സിലെ ആദ്യത്തെ കുട്ടികളായതിനാൽ അനു മിസ്സ് പറയുന്നതുപോലെ ഞങ്ങളവിടുത്തെ "so called seniors" ആയിരുന്നു. അതിൻറെ അഹങ്കാരം ലേശം ഉണ്ടായിരുന്നില്ലാതില്ലാതില്ലായിരുന്നു.

ഞാൻ എന്നിൽ ഒരുപാട് നല്ല മാറ്റങ്ങൾ കണ്ട പഠനവർഷമായിരുന്നു അത്. എൻറെ അഭിപ്രായങ്ങൾ കേൾക്കാൻ അതുപോലെ ചെയ്യാൻ, എന്നെ ഒരു നേതാവായി കാണാൻ ഒക്കെ അവിടെ ആളുകളുണ്ടായിരുന്നു. എന്തിനും (നല്ല കാര്യങ്ങൾക്ക്) ഒരു ധൈര്യം എവിടെ നിന്നൊ തരിച്ച് കയറുമായിരുന്നു. മുൻപ് ഞാൻ പേടിച്ച് പിൻവലിഞ്ഞിരുന്ന ഒരുപാട് അവസരങ്ങളെകുറിച്ച് ഓർത്ത് ഞാൻ സങ്കടപ്പെടാറുണ്ട്. പക്ഷെ അതെല്ലാം ഞാനിവിടെ നികത്തി എന്ന് എനിക്കൊരു ആത്മവിശ്വാസം ഉണ്ട്.

സെൻറ് മേരീസിലെ അലുമിനി എന്ന് പറയാൻ അഭിമാനം തോന്നുന്നു. ഇവിടെ പഠിക്കുന്ന ഞങ്ങളുടെ അനിയത്തിക്കുട്ടികളോട് ഞങ്ങൾക്ക് പറയാനുള്ളത്. നീ ഒരു പെണ്ണാണ്. നിന്നെകൊണ്ട് അത് സാധിക്കില്ല എന്ന് പറയാൻ ഒരുപാട് പേര് കാണും, പക്ഷെ എന്തിനും പോന്നവളായി മാറേണ്ടത് നമ്മുടെ മാത്രം

ഉത്തരവാദിത്വമാണ്. ഈ കോളെജിലെ നിയമങ്ങളും strictness ഉം നിങ്ങളെ കൂടുതൽ ഉയർത്തുകയേ ഉള്ളൂ, ഇവിടെ നിങ്ങൾ ജയിച്ചെങ്കിൽ, പിന്നെ എവിടെയും നിങ്ങൾക്ക് ജയിക്കാം.

എന്തു കാര്യത്തിലും ഒരു നല്ലത് കാണാൻ ശ്രമിച്ചുനോക്കൂ, അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും, ഈ ലോകത്തിലെ സർവ്വരും തുല്ല്യരാണെന്ന്. നമ്മുടെ സന്തോഷം മറ്റുള്ളവരുടെ കൈകളിൽ അല്ല, നമ്മുടെ കൈകളിൽ തന്നെ. ഈ തിരിച്ചറിവ് നിങ്ങളെ ഉന്നതങ്ങളിലെത്തിക്കും.

എല്ലാ അനിയത്തികുട്ടികൾക്കും എല്ലാവിധ ആശംസകളും.

**വസുധ എസ്. ബാബു**

Elder Marian Association

St. Mary's College

Thrissur 680 020

2022